## പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

## അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1591

21.01.2014 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ. കെ. ദാസൻ | | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പു മന്ത്രി) | |
| (എ) | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി നടപ്പാക്കുന്നതിനായി 2011-12, 2012-13, 2013-14 എന്നീ വർഷങ്ങളിൽ എന്ത് തുകയാണ് നീക്കി വച്ചിരുന്നത്; | (എ) | 2011-12 വർഷം അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയ്ക്ക് തുക നീക്കി വച്ചിട്ടില്ല. 2012-13 സാമ്പത്തിക വർഷത്തിൽ 5 കോടി രൂപയും 2013-14 സാമ്പത്തിക വർഷത്തിൽ 12.16 കോടി രൂപയും ടി പദ്ധതി നിർവ്വഹണത്തിനായി സംസ്ഥാന ബഡ്ജറ്റിൽ നീക്കി വെച്ചിരുന്നു. |
| (ബി) | ഓരോ വർഷവും എന്ത് തുക വീതം ചെലവഴിക്കപ്പെട്ടു; | (ബി) | 2011-12 ൽ 82.96 ലക്ഷം രൂപ പദ്ധതി നിർവ്വഹണത്തിനായി ജില്ലകൾക്ക് നൽകിയിരുന്നു. (2010-11 സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതമായി ലഭിച്ച 5 കോടി രൂപയും, ട്രെയിനിംഗ് ഫണ്ട് ഇനത്തിൽ 10 ലക്ഷം രൂപയും നീക്കി വച്ചിരുന്നു) 2012-13 സാമ്പത്തിക വർഷത്തിൽ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 5 കോടി രൂപ 40 നഗരസഭകൾക്കായി അനുവദിച്ച് നൽകിയിരുന്നു. 2013-14 സാമ്പത്തിക വർഷത്തെ 12.16 കോടി രൂപ നഗരസഭകൾക്ക് അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | നഗര ശുചീകരണവുമായി പദ്ധതിയെ ബന്ധപ്പെടുത്തിയിട്ടുണ്ടോ എന്നറിയിക്കുമോ? | (സി) | ഉണ്ട്. |

സെക്ഷൻ ഓഫീസർ